# പതിമൂന്നാം കേരള നിയമസഭ
## ആറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1093** **13/12/2012 ൽ മറുപടിക്ക്**

## സർക്കാർ സ്കൂളുകളിലെ ഉച്ചഭക്ഷണം പരിപാടി

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ഇ.ചന്ദ്രശേഖരൻ: | | ശ്രീ.പി.കെ. അബ്ദു റബ്ബ് (വിദ്യാഭ്യാസ വകുപ്പു മന്ത്രി) | |
| എ) | സർക്കാർ സ്കൂളുകളിൽ ഇപ്പോൾ ഉച്ച ഭക്ഷണം പരി-പാടിയിൽ എന്തെല്ലാം വിഭവ-ങ്ങളാണ് നൽകുന്നത്; | എ) | ഈ അധ്യയന വർഷം മുതൽ ഉച്ചഭക്ഷണ പദ്ധതിയിലെ ഗുണഭോ-ക്താക്കളായ സ്കൂൾ വിദ്യാർത്ഥി-കൾക്ക് പ്രാദേശിക സാഹചര്യങ്ങളും സൗകര്യങ്ങളും പ്രയോജനപ്പെടുത്തി പോഷകസമൃദ്ധമായ ഭക്ഷണം പ്രദാനം ചെയ്യുന്നതിനു നിലവിലെ സംവിധാനം മെച്ചപ്പെടുത്തി 16.06.12 ൽ പുതുക്കിയ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. അതാത് സ്കൂൾ നൂൺ ഫീഡിംഗ് കമ്മിറ്റിയുടെ തീരുമാന പ്രകാരം മെനു തീരുമാനിച്ച് നടപ്പിലാക്കി വരുന്നു. ധാന്യങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, ഇറച്ചി, മുട്ട, പാൽ, പച്ചക്കറികൾ, ഇലക്കറികൾ, പഴങ്ങൾ തുടങ്ങിയ ഭക്ഷണ പദാർത്ഥങ്ങൾ ഉച്ചഭക്ഷണ-ത്തിന് പാചകം ചെയ്ത് നൽകി വരുന്നു. |
| ബി) | ഇതിനായി സർക്കാർ നൽകുന്ന സഹായങ്ങൾ എന്തെല്ലാമാണ്; | ബി) | കുട്ടിയൊന്നിന് 6/-രൂപ ക്രമത്തിൽ ഫണ്ട് അനുവദിച്ചു നൽകുന്നു. |
| സി) | 'സ്കൂളുകൾക്ക് ഉച്ചഭക്ഷണം' പരിപാടി വകയിൽ സ്കൂളു-കൾക്ക് സർക്കാർ നൽകേണ്ട കുടിശ്ശിക എത്രയുണ്ടെന്ന് അറിയിക്കാമോ; | സി) | 12,23,57,238/-രൂപ കുടിശ്ശികയുണ്ട്. |
| ഡി) | പ്രസ്തുത തുക സ്കൂളു-കൾക്ക് ഉടനടി നൽകുവാൻ നടപടി സ്വീകരിക്കുമോ; | ഡി) | കുടിശ്ശിക തുക നൽകുന്നതിനു വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ